ബോംബും മറ്റ് സ്ഫോടക വസ്തുക്കളും കണ്ടെത്തി നശിപ്പിക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട സേനാംഗങ്ങൾക്ക് പ്രത്യേക പരിശീലനം നൽകിയിട്ടുള്ളതും ബോംബ് സ്കാഡുകൾക്ക് വേണ്ട കൂടുതൽ ആധുനിക ഉപകരണങ്ങൾ വാങ്ങി ബോംബ് സ്കാഡുകളെ ആധുനീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. രഹസ്യാന്വേഷണ വിഭാഗത്തിലുള്ള വിവിധ തലങ്ങളിലെ ഉദ്യോഗസ്ഥന്മാർക്ക് പരിശീലനം നൽകുകയും പുനർ പരിശീലനത്തിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. രഹസ്യാന്വേഷണ വിഭാഗത്തിലുള്ള വിവിധ തലങ്ങളിലെ ഉദ്യോഗസ്ഥന്മാർക്ക് പരിശീലനം നൽകുകയും പുനർപരിശീലനത്തിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടുതൽ സുരക്ഷിതത്വഭീഷണിയുള്ള വിഭാഗത്തിൽപ്പെടുന്നവർക്ക് സംരക്ഷണം നൽകുന്നതിന് സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ച് പ്രത്യേക ട്രെയിനിംഗ് നൽകി സേവനത്തിനായി നിയോഗിച്ചിട്ടുണ്ട്. ഇതിനു പുറമേ ക്രൈം സ്റ്റോപ്പർ, പോലീസ് കൺട്രോൾ റൂം, ഫ്ളൈയിംഗ് സ്കാഡ്, ക്രൈം മോണിറ്ററിംഗ് റൂം, പാന്തർ പട്രോളിംഗ്, റാപിഡ് ആക്ഷൻ പട്രോളിംഗ്, പോലീസ് ആസ്ഥാനത്ത് പബ്ലിക് വിൻഡോ സെൽ, ഹൈവേ പട്രോൾ, ട്രാഫിക് വാർഡൻ, ട്രാഫിക് പോലീസ് ഹെൽപ്പ് ലൈൻ, ഫിംഗർ പ്രിന്റ് അനാലിസിസ് ആന്റ് ക്രിമിനൽ ട്രേഡിംഗ് സിസ്റ്റം, മോഡസ് ഓപ്പറാന്റി ബ്യൂറോ, പോലീസ് വെബ് സൈറ്റ്, ഇലക്ട്രോണിക് മെയിൽ, മുനിസിപ്പൽ ഏരിയ പട്രോളിംഗ് എന്നീ സംവിധാനങ്ങളും, പരിഷ്കാരങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. കേരള റൈഫിൾസ് എന്ന പേരിൽ മൂന്ന് സായുധ സേനാ ബറ്റാലിയനുകൾ രൂപീകരിക്കാൻ ഉത്തരവായിട്ടുണ്ട്. കുറ്റമറ്റ ട്രാഫിക് സംവിധാനം നടപ്പിലാക്കുന്നതിന് കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുറ്റാന്വേഷണത്തിൽ പോലീസ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്. ക്രൈം ബ്രാഞ്ച് പുന:സംഘടിപ്പിക്കുകയും, ഫോറൻസിക് സയൻസ് ലബോറട്ടറി നവീകരിക്കുകയും ചെയ്തിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വനിതാ പോലീസ് വിഭാഗം ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി&സി) ഗുരുതരമായ കുറ്റകൃത്യങ്ങൾ സംബന്ധിച്ചുള്ള നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ 1998 ലെ കണക്ക് പരിശോധിച്ചാൽ ഇൻഡ്യയിലെ ഏറ്റവും സമാധാനപരമായ സംസ്ഥാനമാണ് കേരളം.

## സംസ്ഥാനത്തെ കുറ്റകൃത്യങ്ങൾ

46(1520)ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുറ്റകൃത്യ നിരക്കിൽ കുറവുണ്ടായിട്ടുണ്ടോ;

(ബി) അഖിലേന്ത്യാടിസ്ഥാനത്തിൽ കേരളത്തിന്റെ സ്ഥാനം കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ എത്രമാത്രമാണെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് തെളിയിക്കപ്പെടാതെ കിടക്കുന്ന കേസുകൾ കൈകാര്യം ചെയ്യാൻ വിവിധ പോലീസ് സേനയുടെ പ്രവർത്തനങ്ങൾ ഏകീകരിച്ചുകൊണ്ടുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)&(ബി) വാഹന അപകടങ്ങളും നിസ്സാരകുറ്റകൃത്യങ്ങളും ഉൾപ്പെടെയുള്ള കേസ്സുകളുടെ എണ്ണവും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച ചെറിയ പരാതികൾക്ക് പോലും കേസുകൾ രജിസ്റ്റർ ചെയ്യണമെന്ന നിർദ്ദേശപ്രകാരം രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണവും ഉൾപ്പെടെയുള്ള സംസ്ഥാനത്തിലെ ആകെ കേസ്സുകളിൽ 1997 ലേതിനേക്കാൾ (0.5%) നേരിയ വർദ്ധനവ് മാത്രമാണ് 1998 ൽ ഉണ്ടായിട്ടുള്ളത്. നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ റിപ്പോർട്ടുപ്രകാരം ആകെ ഐ.പി.സി. കേസുകളുടെ എണ്ണത്തിൽ 1996-ൽ കേരളത്തിന് 4-ാം സ്ഥാനവും 1997-ൽ 3-ാം സ്ഥാനവുമാണ്. എന്നാൽ ഈ വർഷങ്ങളിൽ ഉണ്ടായ വാഹനാപകടകേസുകളുടെയും നിസാര ഉപദ്രവകേസുകളുടെയും എണ്ണം കുറച്ചാൽ കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ കേരളം വളരെ പിന്നിലാണ്.

(സി) തെളിയിക്കപ്പെടാത്ത കേസുകളിൽ കാലാകാലങ്ങളിൽ അവലോകനം നടത്തി നടപടി സ്വീകരിക്കുന്നതിനു പുറമേ ഇത്തരം കേസുകളിൽ പ്രത്യേക അന്വേഷണം നടത്തി കേസ് എത്രയും വേഗം തെളിയിക്കുന്നതിന് ഊർജ്ജിതമായ ഒരു പ്രത്യേക സംവിധാനം എന്ന നിലയിൽ എല്ലാ പോലീസ് ജില്ലകളിലും ഒരു സി.ഐ.യുടെ നേതൃത്വത്തിൽ ഡിസ്ട്രിക്റ്റ് അൺഡിറ്റക്റ്റഡ് പ്രോപ്പർട്ടി ഒഫൻസ് ഡിറ്റക്ഷൻ സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തനം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

## റിപ്പോർട്ട് ചെയ്യപ്പെട്ട കുറ്റകൃത്യങ്ങൾ

47(1521)ശ്രീ. ഇ. എം. അഗസ്തി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ ഗവൺമെന്റ് നിലവിൽ വന്ന ശേഷം സംസ്ഥാനത്ത് എത്ര കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്;

(ബി) ഈ കാലഘട്ടത്തിൽ ഓരോ വർഷവും റിപ്പോർട്ട് ചെയ്യപ്പെട്ട കുറ്റകൃത്യങ്ങൾ എത്ര വീതമാണ്;

(സി) ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ?

ഉത്തരം

(എ) 1.6.96 മുതൽ 31.1.2000 വരെ പോലീസിന് നേരിട്ടെടുക്കാവുന്ന '399113' കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി)&(സി) മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്.†

## ക്രിമിനൽ കേസ്സുകൾ പിൻവലിക്കുന്നത് സംബന്ധിച്ച്

48 (1522)ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. എം. മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly